കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

## 2017-2018

## ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)536/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020.

ഫോൺ നമ്പർ – 0487 2331249

തീയതി:12.04.19

e-mail: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-8, 3-15 എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>
1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)536/19 തിയ്യതി:12.04.19

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 15.11.2017 മുതൽ 31.12.2018 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി

നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ<br>19.01.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | | |
|---|---|---|
| ശ്രീമതി.ലത എം.എൻ | : | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സ്റ്റാൻലി പി.എസ് | | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജോയ്സൻ സി.ജെ | | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി.ഉമാദേവി എൈ.എസ് | 01.04.2017മുതൽ<br>31.03.2018വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീ.സി.എ മുരളീധരൻ | 1.04.2017 മുതൽ 22.04.2017 വരെ |
| ശ്രീ. പി.ജെ.ജോയ് | 23.04.2017 മുതൽ 07.05.2017 വരെ |
| ശ്രീ.ടി.ജി. അഭിജിത്ത് | 08.05.2017 മുതൽ 19.07.2017 വരെ |
| ശ്രീ. പി.ജെ.ജോയ് | 20.07.2017 മുതൽ 31.10.2017 വരെ |
| ശ്രീമതി സൂസമ്മ എൈസക് | 01.11.2017 മുതൽ 31.03.2018 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ. | ശ്രീമതി.സി.സുധ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ആൻ | 01.04.17 മുതൽ |

| | | |
|---|---|---|
| സി.എച്ച്.സി., വെള്ളാനിക്കര | തോമസ് | 28.08.2017 വരെ |
| | ഡോ.ജയന്തി കെ.എസ് | 29.08.2017മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ, വാണിയംപാറ | ഡോ.ഒ.ജി. സുരജ | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ഒ.ആർ. ബീന | 01.04.17മുതൽ 22.08.17 വരെ |
| | ശ്രീ.രാജീവ് കെ.കെ | 23.08.17മുതൽ 07.11.17 വരെ |
| | ശ്രീമതി.ബീന | 08.11.17മുതൽ 31.01.2018 വരെ |
| | ശ്രീ.വിനോദ് ഇ.കെ | 01.02.2018മുതൽ 31.03.2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.സീജോൺ ജോൺസൺ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീമതി.ബീന മാത്യൂ | 01.04.17 മുതൽ 31.03.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സീന എ.പി | 01.04.17 മുതൽ 09.06.2017വരെ |
| | ഒഴിവ് | 10.06.2017 മുതൽ 11.06.2017 വരെ |
| | ശ്രീ.എ.ആർ സുധീർ | 12.06.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി.സീന എ.പി | 1.08.2017 മുതൽ 01.12.2017 വരെ |
| | ഒഴിവ് | 02.12.2017,3.12.2017 |
| | ശ്രീ.എ.ആർ സുധീർ | 04.12.2017 മുതൽ 19.01.2018 FN വരെ |
| | ശ്രീ.സുഗുണൻ സി.ബി | 19.01.2018 AN മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ, | ശ്രീ.കെ.ബി.രാജൻ | 01.04.17 മുതൽ 31.03.18വരെ |

**<u>ഉള്ളടക്കം</u>**



| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്ക് – അപാകതകൾ | 1-9 |
| | **ഭാഗം 2** | |
| 10 | ബാങ്ക് അക്കൗണ്ടിലുള്ള തുക പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 2-1 |
| 11 | ഇ – ടെണ്ടർ – ടെൻണ്ടർ ഫോം ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 |
| 12 | ഉപയോഗരഹിതമായ ബാങ്ക് അക്കൗണ്ടുകൾ നിർത്തലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-3 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 2-4 |
| | **ഭാഗം 3** | |

| | | |
|---|---|---|
| 14 | തെക്കുംപാടം കുടിവെള്ളപദ്ധതി – മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-1 |
| 15 | ചുള്ളിക്കാവ് തടയണ നിർമ്മാണം – അപാകതകൾ | 3-2 |
| 16 | കള്ളായിക്കുന്ന് കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല തുക 1000000/-തടസ്സപ്പെടുത്തുന്നു. | 3-3 |
| 17 | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല | 3-4 |
| 18 | പുഞ്ചിരിപ്പാടം റോഡ് കാന നിർമ്മാണം – വിട്ടുകിട്ടിയ സ്ഥലം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല | 3-5 |
| 19 | പുല്ലാനിക്കാട് കോളനി കുടിവെള്ള പദ്ധതി – അപാകതകൾ ചെലവുതുക 155503/- തടസ്സപ്പെടുത്തുന്നു. | 3-6 |
| 20 | സംയുക്ത പ്രൊജക്റ്റുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിലേർപ്പെടേണ്ടതാണ് | 3-7 |
| 21 | മുതിർന്നവർക്കുള്ള ഡേ കെയർ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-8 |
| 22 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയത്തിനു വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല -2034000 രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 23 | ഭൂഗർഭ ജലവകുപ്പിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല – ചെലവു തുക 12250/- തടസ്സപ്പെടുത്തുന്നു | 3-10 |
| 24 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ- ബ്ലോക്ക് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയത് – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| 25 | വെള്ളാനിക്കര സി.എച്ച് .സിയിൽ ഈവനിംഗ് ഒ.പി – ചെലവു രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല – 524014 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 |
| 26 | വെള്ളാനിക്കര ആരോഗ്യ കേന്ദ്രത്തിലേക്ക് ജനറേറ്റർ ഇൻസ്റ്റലേഷൻ | 3-13 |
| 27 | ആരോഗ്യകേന്ദ്രത്തിന്റെ നവീകരണം | 3-14 |
| 28 | വനിതാഗ്രൂപ്പുകൾ വഴി പ്രദേശിക വിപണന കേന്ദ്രം ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-15 |
| 29 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഓഡിറ്റ് | 3-16 |
| 30 | ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി – നിലവിലെ സ്ഥിതി – അവലോകനം | 3-17 |
| | ഭാഗം 4 | |
| 31 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |

| | | |
|---|---|---|
| 41 | വരവ് ചെലവ് പത്രിക | അനുബന്ധം – 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 27-03-2018 | |
| കമ്മിറ്റി തീരുമാനം | 1/139 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 140986000 | 140568000 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 23.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14/09/2018, 15/0918 | KSATSR(E3)1517/18 dt.08.10.18 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19812218 |
| വരവ് | 61769775 |
| ആകെ | 81581993 |
| ചെലവ് | 69348001 |
| നീക്കിയിരിപ്പ് | 12233992 |

## 1-5 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| <u>വികസന ഫണ്ട്</u> ജനറൽ | | 38776841 | 38776841 | 33298052 | 5478789 |
| എസ് സി പി | | 9360000 | 9360000 | 5685246 | 3674754 |
| ടി എസ് പി | | 1444000 | 1444000 | 1425345 | 18655 |
| <u>മെയിന്റനൻസ് ഗ്രാന്റ്</u> നോൺ റോഡ് | | 4934000 | 4934000 | 3824645 | 1109355 |
| WDF | 1419245 | 52865 | 1472110 | 0 | 1472110 |
| കേന്ദ്രവിഷ്കൃത ഫണ്ടുകൾ(TSC) | 1340722 | 94618 | 1435340 | 561674 | 873666 |
| നിർമ്മൽ പുരസ്കാരം | 881760 | 32532 | 914292 | 100000 | 814292 |
| sig | 647 | 19 | 666 | 0 | 666 |
| നബാർഡ് | 96000 | | 96000 | | 96000 |
| അഗ്രികൾച്ചർ | 2600 | | 2600 | | 2600 |
| IAY Plan | 8934314 | 10791934 | 19726248 | 11817118 | 7909130 |

| | | | | | |
|---|---|---|---|---|---|
| IAY state | 35287 | 1403271 | 1438558 | 1399660 | 38898 |
| IAY admin | 30026 | 850 | 30876 | 9940 | 20936 |
| Swabhiman | 171849 | 6608 | 178457 | 0 | 178457 |
| joint venture | 0 | 475000 | 475000 | 475000 | 0 |

| ഫണ്ട് വിനിയോഗം | മുൻബാക്കി | വരവ് | ആകെ | ചിലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| തനത് ഫണ്ട് | 359204 | 488011 | 847215 | 402755 | 444460 |
| തനത് ഫണ്ട് – ട്രഷറി അക്കൗണ്ട് | 6639155 | 4690468 | 11329623 | 10848246 | 481377 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 116 | 88359090 | 81 | 44894927 | 29 | 6 | 70% |

# 1-7 ആഭ്യന്തര നിയന്ത്രണം

1.ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. പ്രതീക്ഷിത വരുമാനവും യഥാർത്ഥ വരുമാനവും തമ്മിൽ ഭീമമായ അന്തരമാണ് കാണുന്നത്. ഇത് മതിയായ സ്ഥിതിവിവര കണക്കുകളുടേയും വ്യക്തമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലല്ല ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നതിന് ഉദാഹരണമാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

3.ബാങ്ക് അക്കൗണ്ടിൽ ബാലൻസുള്ള 854223 രൂപ വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.

4.ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാതെ കാനറാ ബാങ്ക് മണ്ണുത്തി ശാഖയിൽ എസ്.ബി.അക്കൗണ്ട് നമ്പർ 390ൽ 854223രൂപ ഉണ്ട്. ഇത്രയും സംഖ്യ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

5.അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ, കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

6.വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 01.08.2018 | 2017-18 | 29-09-2018 |
| അക്കൗണ്ടന്റ് ജനറൽ | 03.10.2018 | 2013-14 to 2017-18 | 16.11.2018 |

# 1-9 വാർഷികകണക്ക് അപാകതകൾ

1. ലേല രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ

ഡിസിബി കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

2. ഇന്ദിര ആവാസ് യോജനയുമായി ബന്ധപ്പെട്ട്

(a) വാർഷിക കണക്കുകളിലെ RP-31 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം

19,20,330/-രൂപ വരവു കാണിച്ചിട്ടുണ്ട്. ഈ തുക RP-7 ലെ ഡെവലപ്പ്മെന്റ് ഫണ്ട്

ജനറൽ, എസ്.സി.പി വരവു തുകകളിൽ ഉൾപ്പെട്ടിട്ടുള്ള തുക തന്നെയാണെന്ന് കാണുന്നു.

(b) IAY ഗ്രാമപഞ്ചായത്ത് വിഹിതം IAY രജിസ്റ്റർ പ്രകാരം 40,33,000/- രൂപയും

വാർഷിക ധനകാര്യപത്രിക പ്രകാരം 45,08,000/-രൂപയുമാണ്. ഈ വ്യത്യാസത്തിന്

വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല.

3. ഇന്ദിര ആവാസ് യോജന രജിസ്റ്റർ പ്രകാരം ജില്ലാപഞ്ചായത്ത് പി.എ യുവിൽ നിന്നും 5/17 ന് 5, 09,800/-രൂപ അധിക വിഹിതം ലഭിച്ചത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 9 പ്രവർത്തികൾക്കായി പാർട്ട്ബിൽ നൽകിയിട്ടുണ്ട്, ആയത് 45,49,779/- രൂപയാണ്, എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-11(a) പ്രകാരം Capital work in progress പൂജ്യമാണ് കാണുന്നത്.

5. ആസ്തികളുടെ ഡിപ്രിസിയേഷൻ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം കണക്കാക്കിയെടുക്കാൻ സാധിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക് അക്കൗണ്ടിലുള്ള തുക പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാതെ കാനറാ ബാങ്ക് മണ്ണുത്തി ശാഖയിൽ എസ്.ബി.അക്കൗണ്ട് നമ്പർ 390ൽ 854223രൂപ ഉണ്ട്. ഇതിൽ 343871രൂപ 2011ൽ അനുപൂരകപോഷകാഹാരം പദ്ധതിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകയാണ്. ഇത്രയും സംഖ്യ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബാങ്ക് അക്കൗണ്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആവശ്യമുള്ളപ്പോൾ വിവിധ ബാങ്കുകളിലായി അക്കൗണ്ടുകൾ തുടങ്ങുകയും ഇതിനു വ്യക്തമായ കണക്കു സൂക്ഷിക്കുകയും ചെയ്യാത്തതിനാലാണ് ഇത്രയും സംഖ്യ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാത്തത്

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് "ഈ അക്കൗണ്ട് 5.6.07 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചതാണെന്നും 2012-13 സാമ്പത്തിക വർഷം മുതൽ ഡബിൾ എൻട്രി സിസ്റ്റം നിലവിൽ വന്നപ്പോൾ സെക്രട്ടറിയുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ എൻട്രി വരുത്തണമെന്ന സർക്കാർ നിർദ്ദേശം വന്നിരുന്നെങ്കിലും ഈ അക്കൗണ്ടിലെ വിശദാംശങ്ങൾ സാംഖ്യയിൽ എൻട്രി വരുത്താൻ വിട്ടുപോയി" എന്നാണ് ഇത് വീഴ്ചയായി മറുപടിയിൽ സ്വയം സമ്മതിച്ചിട്ടുമുണ്ട്. കാനറാബാങ്കിന്റെ മണ്ണുത്തി ശാഖയിൽ 390-ാം നമ്പർ അക്കൗണ്ടിൽ വിവിധ കേന്ദ്രസംസ്ഥാന ഫണ്ടുകൾ ഇനത്തിൽ 846753 രൂപ 2015 മുതൽ നീക്കിബാക്കിയായി കിടപ്പുണ്ട്. 2015 മുതൽ ഈ അക്കൗണ്ടിൽ ഇടപാടുകൾ ഒന്നുമില്ല. ഈ തുക നീക്കി ബാക്കിയിൽ ഉൾപ്പെടാതെ വാർഷിക കണക്കുകൾ തയ്യാറാക്കി വരുന്നതിൽ നിന്നും കണക്ക് യഥാർത്ഥത്തിൽ പൊരുത്തമില്ലാത്തതാണ് എന്നാണ് മനസ്സിലാകുന്നത് വാർഷിക കണക്കുകൾ വിശ്വാസയോഗ്യമല്ലാത്തവിധം അപൂർണ്ണമാണ് എന്നതാണ് ഇത്തരം അപാകതകളിൽ നിന്നും മനസ്സിലാകുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ഈ സംഖ്യ വാർഷികകണക്കിൽ നിയമാനുസൃതം കൊണ്ടു വരേണ്ടതും ഉപയോഗരഹിതമായ തുക സർക്കാരിന്റെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

## 2-2 ഇ - ടെണ്ടർ - ടെൻണ്ടർ ഫോം ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ – ടെണ്ടർ മുഖേന

നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് ( എം.എസ്) 318/2013 ത സ്വ ഭ വ തിയതി. 28.9.13 പ്രകാരം ജില്ലയിലെ എൽ.എസ്.ജി .ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ഇ – ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 7/17.01.19) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.

# 2-3 ഉപയോഗരഹിതമായ ബാങ്ക് അക്കൗണ്ടുകൾ നിറുത്തലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒല്ലൂക്കര ഗ്രാമപഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി നിറുത്തലാക്കിയ പല പദ്ധതികളിലെയും ബാക്കി തുകകൾ ഇപ്പോഴും നിലനിൽക്കുന്നു.

| പദ്ധതി | അക്കൗണ്ട് നമ്പർ | ബാങ്ക് | നിറുത്തലാക്കിയത് | തുക |
|---|---|---|---|---|
| ഹരിയാലി | 67156342983 | എസ്.ബി.റ്റി, പട്ടിക്കാട് | 2011 | 1485097 |
| സ്വാഭിമാൻ | 485 | കാനറാ ബാങ്ക്, മണ്ണുത്തി | 2008 | 183170 |
| വിവിധ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ | 390 | കാനറാ ബാങ്ക്, മണ്ണുത്തി | 2015 | 854223 |
| എസ്.ഐ.ജി | 4419 | കാനറാ ബാങ്ക്, മണ്ണുത്തി | 2014 | 684 |

മേല്പറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ഈ അക്കൗണ്ടുകളിലുള്ള തുക സർക്കാരിന്റെ ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് തിരിച്ചടക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

# 2-4 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

1.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതിന് അംഗീകരിച്ച ബൈലോയില്ല.ആയതിനാൽ മുറികൾ വാടകയ്ക്ക് നൽകുന്നതിന് അംഗീകരിച്ച ബൈലോയുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ഓരോ വർഷവും വാടകയിൽ 5% വർദ്ധനവ് വരുത്തുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (6നം. തി.17/01/2019) നൽകിയതിന്, വാടക വർദ്ധിപ്പിക്കുന്നില്ലായെന്നാണ് മറുപടി നൽകിയത്. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേക്കുറിച്ച് പരാമർശിച്ചിരുന്നു. എന്നാൽ നാളിതുവരെയും നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ വാടകചട്ടങ്ങൾക്കനുസൃതമായി വാടക പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളുടെ വാടക വൈകി അടവാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 6 തി.17/01/2019 നൽകി, ഈടാക്കുന്നില്ലായെന്ന് മറുപടി നൽകി. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടൈലറിങ്ങ് ഹാളിന്റെ കുടിശ്ശിക വാടക 23/2/2014 മുതൽ കാണുന്നു. അതുപോലെ ടൈലറിങ്ങ് യൂണിറ്റ് കെട്ടിടത്തിന്റെ കുടിശ്ശിക വാടക നവംബർ 2017 മുതൽ കാണുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 6 തി.17/01/2019 നൽകി. കാലാവധി കഴിഞ്ഞതിനാൽ ടൈലറിങ്ങ് യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്നാണ് മറുപടി നൽകിയത്. എന്നാൽ ടൈലറിങ്ങ് യൂണിറ്റ് പ്രവർത്തിച്ചിരുന്ന മേൽ ഹാൾ നാളിതുവരെ പുനർലേലം ചെയ്തിട്ടില്ല. പുനർ ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടൈലറിംങ്ങ് യൂണിറ്റ് പ്രവർത്തിച്ചരുന്ന മുഴുവൻ കാലയളവിലേയും വാടക ഈടാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെക്കുംപാടം കുടിവെള്ളപദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 62/17-18
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എക്സി. എഞ്ചിനീയർ

അടങ്കൽ തുക – 500000

കരാറുകാരൻ – വി.എം.മനോജ്.

കരാർ നമ്പർ – 26/AEE/LSGD/OLK/16-17 dtd 3.3.17

ചെലവുതുക – 371403/-
ട്രഷറി ബിൽ നമ്പർ – 18/17-18,28.9.17

എം.ബി 56/16-17

2017-18 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തിയിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ (എംഎസ്)നമ്പർ 72/17തസ്വഭവ തിയ്യതി 29.3.17, പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതിയിലെ പദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 12.7ൽ കുടിവെള്ള പദ്ധതികളുടെ നിർമ്മാണവും നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ മേൽ പ്രവൃത്തിയിൽ പാലിച്ചുകാണുന്നില്ല.

a) ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ ഗുണഭോക്തൃവിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

b)പദ്ധതിയിൽ ഗാർഹിക കണക്ഷൻ കൊടുക്കുന്നുണ്ട്. ജില്ലാപഞ്ചായത്തിനും ഗ്രാമ പഞ്ചായത്തിനും സംയുക്തമായി ഗാർഹിക കണക്ഷൻ നൽകുന്ന കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാമെന്നാണ് നിർദ്ദേശം. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യം പരാമർശിക്കുന്നില്ല

c)പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തിനു വിധേയമായിമാത്രമേ ബ്ലോക്കുപഞ്ചായത്തുകൾ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവൂ. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

2)പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിലില്ല.

3)എഗ്രിമെന്റ് ഷെഡ്യൂൾ, പൂർത്തീകരണ പത്രിക എന്നിവയില്ല.

4)ജലത്തിന്റെ ഗുണനിലവാര പരിശോധന ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല.

5)പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിച്ചാൽ തുടർനടത്തിപ്പിനായി ഗുണഭോക്തൃസമിതികളെ ഏല്പിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃസമിതിയെ ഏല്പിച്ചുകൊടുത്തിട്ടില്ല.

മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയ മേൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 371403 രൂപ തടസ്സത്തിൽവയ്ക്കുന്നു.

എൻക്വയറി നമ്പർ 4/16.01.2019. മറുപടി 19.1.19 ലഭ്യമാക്കിയിട്ടുണ്ട്. പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ചുള്ളിക്കാവ് തടയണ നിർമ്മാണം - അപാകതകൾ

പ്രോജക്ട് 500 70/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എക്സി. എഞ്ചിനീയർ

അടങ്കൽ 466000/-

ചെലവു തുക 463771 (treasury bill no.13/17-18dtd 12.7.17-335932,

29/17-18 dtd13.2.18.-127839

കരാറുകാരൻ ഏലിയാസ് .ഒ..യു.

കരാർനമ്പർ 16/AEE/LSGD/OLK/16-17dtd21.1.17

എം.ബി 40/16-17

ചുള്ളിക്കാവ്തടയണ നിർമ്മാണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1)ജലസേചന പരിപാടികളുടെ ആയക്കെട്ട് പ്രദേശം നിർണയിക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2)പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6മാസമാണ്. എന്നാൽ ഏകദേശം ഒരു വർഷത്തോളം സമയമെടുത്തിട്ടാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. (അവസാന അളവെടുപ്പ് 1.1.2018ലാണ് നടത്തിയിരിക്കുന്നത് എം.ബി.പേജ് 36) കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. കാലാവസ്ഥാപരമായ കാരണങ്ങളാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് 19.1.19 ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. ഇതിന് കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3)പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിങ്ങ് റിപ്പോർട്ട്എന്നിവ ഫയലിൽ ഇല്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 3/16.01.2019)

# 3-3 കള്ളായിക്കുന്ന് കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് s0068/16
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സി.എഞ്ചിനീയർ

അടങ്കൽ 1000000 (900000 വികസന ഫണ്ട്, ഗുണ.വി 100000)

കരാറുകാരൻ വി.എം.ശശി

ചെലവ് 160878(ട്രഷറിബിൽ നമ്പർ 8/17-18dtd 30.6.17)

2015-16ൽ ആരംഭിച്ച പ്രവൃത്തി പൂർത്തിയായിരിക്കുന്നത് 2017-18ലാണ്.

<u>പ്രവൃത്തിയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.</u>

1.45 വീട്ടുകാർക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക, ഗാർഹിക കണക്ഷൻ കൊടുക്കുക എന്നിവയെല്ലാം പ്രോജക്ടിന്റെ ലക്ഷ്യമായി പറയുന്നുണ്ടെങ്കിലും ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ഇനം നമ്പർ 28ൽ 30 'tapകൾ ഗാർഹിക കണക്ഷനുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയിനം നടപ്പിലാക്കിയിട്ടില്ല.

2)പ്രവൃത്തിയ്ക്കുവേണ്ടി ഒരു സ്വകാര്യവ്യക്തി സ്ഥലം വിട്ടു നൽകി എന്നു പറയുന്നുണ്ട്. (ടി.കെ .ശ്രീനിവാസൻ,1.5cent സ്ഥലം 17.2.16ൽ) സ്ഥലം വിട്ടു നൽകുമ്പോൾ റിലിങ്ക്വിഷ്മെന്റ് ഫോമിൽ സമ്മത പത്രം തയ്യാറാക്കി. ആയത് വില്ലേജ് ഓഫീസർ കൗണ്ടർ സൈൻ ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വിട്ടുകിട്ടിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

3)പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ ഫയലിലില്ല.

4)വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നത്. എന്നാൽ മോണിറ്ററിങ്ങ് സമിതികൾ അതിന്റെ ശരിയായ അർത്ഥത്തിൽ പ്രവർത്തിക്കുന്നില്ല. മോണിറ്ററിങ്ങ് റിപ്പോർട്ട് ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/17.1.19) മറുപടി 19.1.19ൽ ലഭ്യമാക്കിയതിൽ ഗാർഹിക കണക്ഷനുകൾ ബ്ലോക്ക് പഞ്ചായത്തിന് നൽകാൻ സാധിച്ചിട്ടില്ല എന്നും ഗുണഭോക്തൃ സമിതികൾ മുഖേന ആയവ നടപ്പാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ രേഖകളോടൊപ്പം കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 1000000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല

കള്ളായിക്കുന്ന് കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ ഗുണഭോകതൃ വിഹിതമായി 100000/-രൂപ ഉൾപ്പെടുത്തുകയും ആയത് പിരിച്ച് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.( രശീതി നമ്പർ 11504100020 dtd 16.7.15)എന്നാൽ ആനുപാതികമായ ഗുണഭോക്തൃവിഹിതം പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവുചെയ്തിട്ടില്ല. താഴെ പറയും പ്രകാരം ഗുണഭോക്തൃവിഹിതം കുറവു ചെയ്യേണ്ടതും വികസന ഫണ്ടിൽനിന്നും അധികമായി ചെലവഴിച്ചതുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

ആകെ പ്രവൃത്തി മൂല്യം 978375

കുറയ്ക്കുക 10% ഗുണഭോക്തൃ വിഹിതം <u>97838</u>

880537

ആകെ പ്രവൃത്തിമൂല്യത്തിന്റെ 10% തുകയായ 97838 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക തിരിച്ചടക്കേണ്ടതാണ്.

# 3-5 പുഞ്ചിരിപ്പാടം റോഡ് കാന നിർമ്മാണം - വിട്ടുകിട്ടിയ സ്ഥലം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല

പ്രോജക്ട് 32/18
നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ

അടങ്കൽ 600000/-

ചെലവ് 442810 (ട്രഷറി ബിൽ നമ്പർ 1/17-18 dtd 18.1.19)

കരാറുകാരൻ കെ സി ജോസ്

കരാർ നമ്പർ 1/AE/LSGD/olk dtd 3 .10 .17

എം.ബി 1/17-18

നടത്തറ ഗ്രാമപഞ്ചായത്തിൽ നടത്തറ മൂർക്കനിക്കര റോഡിൽനിന്ന് ആരംഭിക്കുന്ന

247 മീറ്റർനീളവും 0.45 മീറ്റർ ആഴവും .75 മീറ്റർ വീതിയുമുള്ള കോൺക്രീറ്റുകാനനിർമ്മിക്കുവാനുള്ള പദ്ധതിയാണിത്. പ്രവൃത്തി 27.11.17നു പൂർത്തീകരിച്ചിട്ടുണ്ട്.

നടത്തറഗ്രാമപഞ്ചായത്തിലെ കാന നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിരിക്കുന്നത് പുളിങ്കുഴി ചന്ദ്രൻ മകൻ വത്സൻ എന്നയാളാണ്.എന്നാൽ സ്ഥലം കൈമാറിയതിന്റെ രേഖകൾ ഫയലിലില്ല.പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥലമാണെങ്കിൽ പഞ്ചായത്തിന്റെ റവന്യൂരേഖകളിലും ആസ്തി രജിസ്റ്ററിലും പ്രസ്തുത സ്ഥലം രേഖപ്പെടുത്തേണ്ടതാണ്. ആയതിനു വേണ്ടതായ നിർദ്ദേശം നടത്തറ ഗ്രാമപഞ്ചായത്തിനുനൽകേണ്ടതാണ്.

# 3-6 പുല്ലാനിക്കാട് കോളനി കുടിവെള്ള പദ്ധതി - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്റ്റ് S00 37/18

അടങ്കൽ 1040000 (വികസനഫണ്ട്)

കരാർ 46/AEE/LSGD/Olk/17-18 dtd 22.3.18

കരാറുകാരൻ കെ.എം.ടോജോ

എം.ബി 46/17-18

ചെലവു ഒന്നാം പാർട്ട് ബിൽ RS.155503/(ട്രഷറി ബിൽ 5/18-19, 19.5.18)

പദ്ധതി വിഭാവനം ചെയ്തതുപോലെനിലവിലുള്ള തുറന്ന കിണർ വൃത്തിയാക്കി ജലസ്രോതസ്സാക്കി മാറ്റാതെയും, പദ്ധതിക്കുവേണ്ടതായഅടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുക്കാതെയും 5000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു പിവിസി വാട്ടർ ടാങ്ക് വാങ്ങി സ്ഥാപിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. 18-19 വർഷത്തിലേക്ക് സ്പിൽഓവറായി ടി പ്രോജക്റ്റ് കൊണ്ടുവന്നിട്ടുണ്ടെങ്കിലും (പ്രോജക്ട് നമ്പർ 93/18-19) പദ്ധതിപൂർത്തീകരണത്തിനാവശ്യമായ പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല. കൂടാതെ പദ്ധതിയുടെ ജലസ്രോതസ്സ് അനുയോജ്യമല്ലാത്തതിനാൽ കുഴൽക്കിണർ കുഴിക്കുവാൻ സ്ഥാനനിർണയം നടത്തുവാൻ ഭൂഗർഭ ജലവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കി പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 സംയുക്ത പ്രൊജക്ടുകൾക്ക് തദ്ദേശ സ്വയം ഭരണ

# സ്ഥാപനങ്ങൾ തമ്മിൽ കരാറിലേർപ്പേടേണ്ടതാണ്

ജി.ഒ.(എം.എസ്) നം.72/17 തസ്വഭവ 29.03.17 ഖണ്ഡിക 6-5(2) പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറുടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളിൽ അപ്രകാരം കരാറിലേർപ്പെട്ടതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രൊജക്ട് നം.55/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ:1200000/-രൂപ

ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 1200000/-രൂപ നാല് ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്.

2)ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് - SO 56/17-18

ട്രഷറി ബിൽ നമ്പർ – 1/17-18/26.3.18

തുക – 1000000/-

നിർവഹണം – ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

മേൽ പ്രോജക്ടും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള നാലു ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായാണ് നടപ്പിലാക്കിയിട്ടുള്ളത് . സംയുക്ത പദ്ധതികൾ നടപ്പാക്കുമ്പോൾ നിർവഹണ ഉദ്യോഗസ്ഥർ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 മുതിർന്നവർക്കുള്ള ഡേ കെയർ സെന്ററർ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ മുതിർന്നവർക്കുള്ള കമ്മ്യൂണിറ്റി കം ഡേ കെയർ സെന്റർ എന്ന പദ്ധതിയ്ക്കായി 2014 – 15 മുതൽ പദ്ധതി അംഗീകരിക്കുകയും ഇതിനായി കെട്ടിടനിർമ്മാണം ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ഓരോ പ്രോജക്ട് ഇതിനായി ആരംഭിക്കുകയുംഇത്തരം സെന്റർ തുടങ്ങുന്നതിനു വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ഇതു വരെ ഈ പദ്ധതിയ്ക്കായി 4678687രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ചെലവഴിച്ച വർഷം | പ്രോജക്ട് നമ്പർ | തുക | പ്രവൃത്തികൾ |
|---|---|---|---|---|
| 1 | 2014-15 | 69 | 645643 | കെട്ടിടം |
| 2 | 2015-16 | 22 | 1415700 | കെട്ടിടം |
| 3 | 2015-16 | 84 | 574065 | കെട്ടിടം |
| 4 | 2016-17 | 72 | 545419 | കെട്ടിടം |
| 5 | 2017-18 | 92 | 1406289 | ടെലിവിഷൻ,ജനറേറ്റർ, പ്രൊജക്ടർ,ഫർണ്ണീച്ചർ |
| 6 | 2017-18 | 79 | 91571 | കെട്ടിടം |
| | | ആകെ | 4678687 | |

2018 മാർച്ചിൽ ഡേ കെയർ സെന്ററിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 2ന് മറുപടി നൽകിയിരിക്കുന്നത് ഈ സെന്ററിന്റെ മറ്റു പ്രവർത്തനങ്ങൾക്കായി 2018-19 ൽ 428813 രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി രൂപീകരിച്ച് നിർവഹണത്തിനായി സി.ഡി.പി.ഓയ്ക്ക് കൈമാറിയിട്ടുണ്ടന്നും അതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്നാണ്. എത്രയും വേഗം പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 മാടക്കത്തറ ഗ്രാമപഞ്ചായത്തു് ഗ്യാസ് ക്രിമിറ്റോറിയത്തിനു വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 2034000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - SOO 128/17-18

ട്രഷറി ബിൽ നമ്പർ- 18/17-18/23.10.17

തുക- 3000000/-

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയത്തിന ബ്ലോക്ക് വിഹിതമായി 3000000/-രൂപ മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് ട്രാൻസ്ഫർ) ആയതിൽ 966000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് നൽകിയ തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 2034000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

# 3-10 ഭൂഗർഭ ജലവകുപ്പിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല - ചെലവു തുക 12250/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - ടഠ 3/17-18

ട്രഷറി ബിൽ നമ്പർ – 20/17-18/18.11.17

തുക- 12250/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ട് പ്രകാരം താഴെ പ്പറയുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 12250 രൂപ ഭൂഗർഭ ജലവകുപ്പിന് നൽകിയിട്ടുണ്ട്.

1.മാറ്റാമ്പുറം മനയ്ക്കപ്പാടം കുടിവെള്ള പദ്ധതി

2.പാണഞ്ചേരി മനയ്ക്കപ്പാടം കുടിവെള്ള പദ്ധതി

3.സ്നേഹക്കുന്ന് കുടിവെള്ള പദ്ധതി

4.കോക്കോത്ത് കോളനി കുടിവെള്ള പദ്ധതി

5.ചോരക്കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി

6.വിൽവട്ടംവ്യവസായകേന്ദ്രത്തിൽ കുഴൽ കിണർ

7.ആശാദീപം ഓയിൽ കമ്പനി കുഴൽ കിണർ

നാളിതുവരെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 12250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-11 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ- ബ്ലോക്ക് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയത് -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - ടഠഠ 85/17-18

ട്രഷറി ബിൽ നമ്പർ- 2/17-18/15.9.17

തുക- 650000/

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

മേൽപ്രോജക്ട് പ്രകാരംഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന കീഴിലുള്ള പാണഞ്ചേരി, നടത്തറ, മാടക്കത്തറ, പുത്തൂർ എന്നീ പഞ്ചായത്തുകൾക്ക് പെയ്ൻ ആന്റ് പാലിയേറ്റീവ് കെയറിനായി ബ്ലോക്ക് വിഹിതം താഴെ പ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | പാണഞ്ചേരി | 150000 |

| | | |
|---|---|---|
| 2 | നടത്തറ | 150000 |
| 3 | പുത്തൂർ | 200000 |
| 4 | മാടക്കത്തറ | 150000 |

ആയതിൽ നടത്തറ ഗ്രാമപഞ്ചായത്ത് മാത്രമാണ് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. മറ്റു പഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 500000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 വെള്ളാനിക്കര സി.എച്ച്.സിയിൽ ഈവനിംഗ് ഓ.പി - ചെലവു രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല - 524014 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - 500 140/17-18

ട്രഷറി ബിൽ നമ്പർ – 6/17-18/31.1.18

തുക – 812534രൂപ

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

മേൽ പ്രോജക്ട് പ്രകാരം 812534രൂപ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയ്ക്ക് കൈമാറിയിരിക്കുന്നു. വെള്ളാനിക്കര സി.എച്ച്.സി ഓ.പിയിൽ വരുന്ന രോഗികളുടെ എണ്ണം വളരെ കൂടുതലായതിനാൽ ഈവനിംഗ് ഓ.പി നടപ്പാക്കുവാൻ തീരുമാനമെടുക്കുകയും ഡോക്ടറെയും മറ്റു സ്റ്റാഫിനെയും കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയ്ക്ക് കൈമാറിയത്. 6ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാണ് തുക വിനിയോഗിച്ചിരിക്കുന്നത്. ആയതിൽ 288520 രൂപയുടെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. രേഖകൾ ഹാജരാക്കാത്തതിനാൽ 524014 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 വെള്ളാനിക്കര ആരോഗ്യ കേന്ദ്രത്തിലേക്ക് ജനറേറ്റർ ഇൻസ്റ്റലേഷൻ

പ്രോജക്ട് - 500 9/17-18

ട്രഷറി ബിൽ നമ്പർ – 1/17-18/30.6.17

തുക – 383150രൂപ

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

വെള്ളാനിക്കര ആരോഗ്യ കേന്ദ്രത്തിലേക്ക് ജനറേറ്റർ ഇൻസ്റ്റലേഷൻ എന്ന പ്രോജക്ട് പ്രകാരം ജനറേറ്റർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറവു തുക ക്വോട്ട് ചെയ്ത പവർ റേഡിയൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ B019/24.6.17 പ്രകാരം ജനറേറ്റർ വാങ്ങുകയും ചെയ്തിട്ടുണ്ട്.

**അപാകതകൾ**

1.ജനറേറ്റർ സ്ഥാപിക്കുന്നതിനു മുമ്പ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുള്ള സ്കീം അപ്രൂവൽ വാങ്ങേണ്ടതാണ്. ആയത് വാങ്ങിയതായി കാണുന്നില്ല.

2.ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനു മുമ്പ് കോൺട്രാക്ടറിൽ നിന്നുള്ള കംപ്ലീഷൻ റിപ്പോർട്ട് വാങ്ങി സമർപ്പിച്ച് എനർജൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല

3.പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതിനും ഇലക്ട്രിക്കൽ കമ്മറ്റിയ്ക്കുമുള്ള പ്രതിഫലം 4% നിരക്കിൽ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയർ വശം നൽകണമെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D1-1728/17 തീയതി.28.6.17 നമ്പർ കത്തു പ്രകാരം 13200രൂപ കെ.കെ.അച്യുതൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രസീതി ഹാജരാക്കാത്തതിനാൽ 13200രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

രേഖകൾ ഓഡിറ്റിന് ഹാജരാക്കി അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-14 ആരോഗ്യകേന്ദ്രത്തിന്റെ നവീകരണം

പ്രോജക്റ്റ് നമ്പർ – SO 88/18
നിർവ്വഹണം – മെഡിക്കൽ ഓഫീസർ, CHC

ട്രഷറി ബിൽ നമ്പർ – 4/17-18/31.1.18 – തുക – 154761രൂപ

8/17-18/26.3.18 – തുക – 59256രൂപ

9/17-18/31.3.18-തുക – 85983രൂപ
ആകെ – 300000/-

വെള്ളാനിക്കര സി.എച്ച്.സിയുടെ നവീകരണപ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന്റെ ക്വട്ടേഷൻ / ടെണ്ടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ, കൈപ്പറ്റുരസീതി, പർച്ചേസ് കമ്മറ്റി തീരുമാനം, പഞ്ചായത്ത് കമ്മറ്റി തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രിന്റർ, സ്കാനർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവയുടെ വാറണ്ടി, ഇൻസ്റ്റലേഷൻ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | വാങ്ങിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|
| 1 | പ്രീതി ഏജൻസീസ് | 3005/20.12.17 | 12450.60 | Almonard ped fan mark |
| 2 | ഷാർപ്പ് ബിസിനസ്സ് സിസ്റ്റംസ് (പ്രൈ) ലിമിറ്റഡ് | KIR313/28.12.17 | 43000 | ഡിജിറ്റൽ മൾട്ടി ഫങ്ഷൻ ഡിവൈസ്-(പ്രിന്റർ,സ്കാനർ,ഫോട്ടോസ്റ്റാറ്റ് മെഷീൻ) |
| 3 | എയർടെൽ എക്വിപ്മെന്റ്സ് | 99/29.12.17 | 3610 | ഓട്ടോമാറ്റിക് സ്റ്റെബിലൈസർ |
| 4 | സിൽവർ ഷൈൻസ് | 040/20.12.17 | 56400 | ചെയർ,കമ്പ്യൂട്ടർ ചെയർ,റിവോൾവിംഗ് സ്റ്റൂൾ, പെർഫൊറേറ്റഡ് ചെയർ |
| 5 | ഫ്രീസ് ലിങ്ക് ഹോം അപ്ലിയൻസസ്സ് | B 627/1.1.18 | 39500 | റഫ്രിജറേറ്റർ(ടെണ്ടർ മാത്രം ഹാജരാക്കി) |
| 6 | ഇൻസ്കൺ മെഡിക്കൽ സൊല്യൂഷൻസ് | IGIU/17-18/592/27.1.18 | 29257.54 | Streak retinoscope |
| 7 | പി.കെ.അസ്സോസിയേറ്റ്സ് | 67/6.3.18 | 21502 | Dispenser ,filter set |
| 8 | പി.കെ.അസ്സോസിയേറ്റ്സ് | 68/6.3.18 | 8496 | Water purifier |
| 9 | സുപ്രീം ഏജൻസീസ് | C-646/26.318 | 37000 | 12*10*12pallets |
| 10 | കെ.എം.എസ്.സി.എൽ | 24/IT/17-18/27.3.18 | 31818 | കമ്പ്യൂട്ടർ |
| 11 | ടെക്നോ ബൈറ്റ് കമ്പ്യൂട്ടർസിസ്റ്റംസ് ആന്റ് സർവ്വീസസ്സ്. | 221/26.3.18 | 13150 | പ്രിന്റർ,കമ്പ്യൂട്ടർ ടേബിൾ |
| 12 | സിൽവർ ഷൈൻ ഡെക്കേഴ്സ് | 056/26.3.18 | 2364 | റിവോൾവിംഗ് ചെയർ |
| 13 | ഹൈകൺ ഇന്ത്യ ലിമിറ്റഡ് | HO/C-02222/26.3.18 | 1651 | 600VA UPS |
| | | ആകെ | 300199.14 | 300000 |

രേഖകൾ ഹാജരാക്കാത്തതിനാൽ 300000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 3-15 വനിതാഗ്രൂപ്പുകൾ വഴി പ്രദേശിക വിപണന കേന്ദ്രം ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രൊജക്റ്റ് നം:s0126/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: എ.ഡി.എ

അടങ്കൽ തുക:15,00,000/-

ചെലവഴിച്ച തുക:10,50,000/-

CB no:1/17-18 dt 27/02/2018 525000/-

CB no:2/17-18 dt 27/02/2018 75,000/-

CB no:3/17-18 dt 19/03/2018 2,25,000/-

CB no:4/17-18 dt 24/03/2018 2,25,000/-

മുകളിൽ പ്രസ്താവിച്ച പ്രൊജക്ടുമായി ബന്ധപ്പെട്ട് 14 ഗ്രൂപ്പുകളെ കമ്മിറ്റി തീരുമാനം 116(d) തി: 30.1.2018,കമ്മിറ്റി തീരുമാനം 128(e) തി: 28.2.2018 എന്നിവ പ്രകാരം തിരഞ്ഞെടുത്തു. 14 ഗ്രൂപ്പുകളുമായി എ.ഡി.എ കരാറിലേർപ്പെടുകയും, മുൻകൂറായി 75000/-രൂപ വീതം ഓരോ ഗ്രൂപ്പുകൾക്കായി നൽകുകയും ചെയ്തു. കരാർ പ്രകാരം ഒരു മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കണമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല ഗ്രൂപ്പുകളും ഈ വ്യവസ്ഥ പാലിക്കാതെ വരുകയും, എ.ഡി.എ യുടെ ഉത്തരവ് നം.99/17-18 തി.4/4/2018 പ്രകാരം 6 മാസം കൂടി സമയപരിധി നീട്ടി നൽകുകയും ചെയ്തു. എന്നാൽ 5 ഗ്രൂപ്പുകൾ ഒരു പ്രവർത്തനവും ആരംഭിക്കാത്തതിനാൽ മുൻകൂർ കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിന് 25/02/2018-ാം തിയ്യതിയിലെ തീരുമാന നം 8/2 പ്രകാരം തീരുമാനിച്ചു. ആയതുപ്രകാരം 5 ഗ്രൂപ്പുകളിൽ നിന്നും മുൻകൂർ പലിശ സഹിതം ഈടാക്കി ട്രഷറിയിൽ ചലാൻ മുഖേന അടവാക്കിയിട്ടുണ്ട്. മുൻകൂർ നൽകുന്ന തുക എപ്രകാരം ചെലവഴിക്കണമെന്ന് കരാർ വ്യവസ്ഥയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും, ബില്ലുകളും 9 ഗ്രൂപ്പുകളും സമർപ്പിച്ചിട്ടുണ്ട്.

18/01/2019-ാം തിയ്യതിയിൽ 9 വിപണന കേന്ദ്രത്തിലെ 4 വിപണന കേന്ദ്രങ്ങൾ ഓഡിറ്റ് ടീം നേരിൽ ചെന്ന് പരിശോധിക്കുകയുണ്ടായി. ആദ്യം പരിശോധന നടത്തിയത് ഹരിതം വിപണന കേന്ദ്രത്തിലായിരുന്നു.മുൻകൂർ കൈപ്പറ്റി വാങ്ങിച്ചിട്ടുള്ള ഇലക്ട്രോണിക് വെയിങ്ങ് ബാലൻസ്(10,030/-രൂപ), ശീതികരണി(15,990/-രൂപ) എന്നിവ കാണാൻ സാധിച്ചില്ല. ഇവിടെ പ്രാദേശികമായി ഉൽപ്പാദിപ്പിച്ച പച്ചക്കറികളല്ല വിൽപ്പന നടത്തുന്നതെന്നാണ് അന്വേഷണത്തിൽ ബോധ്യമായത്. രണ്ടാമതായി സന്ദർശനം നടത്തിയത് വിജയ് ജെ.എൽ.ജി ഗ്രൂപ്പിന്റെ വിപണന കേന്ദ്രത്തിലാണ്. നാളിതു വരെയായും ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മൂന്നമതായി സന്ദർശനം നടത്തിയത് മാതൃക ആക്ടിവിറ്റി ഗ്രൂപ്പിന്റെ വിപണന കേന്ദ്രത്തിലാണ്. മുൻകൂർ കൈപ്പറ്റി വാങ്ങിച്ചിട്ടുള്ള സാമഗ്രികൾ പരിശോധനയിൽ കാണാൻ സാധിച്ചില്ല. മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വ്യവസായ കേന്ദ്രത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഈ സംരംഭം മൂന്ന് വർഷം മുമ്പ് തുടങ്ങിയതാണെന്നാണ് അന്വേഷണത്തിൽ ബോധ്യമായത്. നാലാമതായി സന്ദർശിക്കാൻ ഉദ്ദേശിച്ചിരുന്നത് പ്രതിഭ ആക്ടിവിറ്റി ഗ്രൂപ്പിന്റെ വിപണന കേന്ദ്രമായിരുന്നു. എന്നാൽ ഈ സ്ഥലം ഓഡിറ്റ് പരിശോധനയ്ക്ക് കൂടെ വന്ന ഉദ്യോഗസ്ഥർക്ക് കാണിച്ചു തരാൻ സാധിച്ചില്ല.

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1.വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല ഗ്രൂപ്പുകളെ തെരെഞ്ഞെടുത്തിരിക്കുന്നത്.ഇത്തരത്തിലുള്ള വിപണന കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള ക്ഷമത ഗ്രൂപ്പുകൾക്കുണ്ടോയെന്ന കാര്യം പരിശോധിക്കേണ്ടതായിരുന്നു.

2.മോണിറ്ററിങ്ങ് സമിതിയിലെ കരാർ വ്യവസ്ഥ പ്രകാരം 5 വർഷം വിപണന കേന്ദ്രം തുടരേണ്ടതാണ്.

3.കരാർ വ്യവസ്ഥ പ്രകാരം എല്ലാ മാസം 10-ാം തിയ്യതിയ്ക്ക് മുമ്പായി വരവു ചെലവു കണക്കുകൾ എ.ഡി.എ സമർപ്പിക്കണമെന്നാണ്. എന്നാൽ ഈ വ്യവസ്ഥകൾ ഒന്നു തന്നെ നടപ്പാക്കുന്നില്ല

4.മുൻകൂർ മുഴുവനായി നൽകാതെ, ഗഡുക്കളായി നൽകി വാങ്ങിയ ഉപകരണങ്ങൾ പരിശോധിക്കണമായിരുന്നുവെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം.

ആയതിനാൽ ഈ പ്രൊജക്ട് 5 വർഷം തുടർന്ന് അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 3-16 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഓഡിറ്റ്

**1.ഐ.എ.വൈ പൂർത്തീകരിക്കാനുള്ള ഭവനങ്ങൾ ലൈഫിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കേന്ദ്രവിഹിതം നൽകിയിട്ടില്ല.**

മുൻവർഷങ്ങളിൽ പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഐ.എ.വൈ പദ്ധതിയിലെ ഗുണഭോക്താക്കളെ ലൈഫ് ഭവനനിർമ്മാണം ഫേസ് 1ൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ വീടിനു ആനുപാതിക വർദ്ധനവ് ധനസഹായം നൽകി പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.എന്നാൽ താഴെ പ്പറയുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കേന്ദ്രവിഹിതം മുഴുവനായി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.രാഖി w/o സുനിൽകുമാർ, ആലത്തുക്കാരൻ വീട്

2.ശാരദ w/oബാലൻ, പാലൻമാരിയിൽ, കട്ടിലപ്പൂവം

3.ശ്രീജ ചന്ദ്രൻ, കിഴക്കുടൻ വീട്, മനയ്ക്കപ്പാടം

4.സിന്ധു സന്തോഷ്, പാഴ്ക്കൽ, മരോട്ടിച്ചാൽ

5.ശാന്താ ഉണ്ണികൃഷ്ണൻ, പനവളപ്പിൽ, കണ്ണാറ

6.വള്ളിയമ്മ കറപ്പൻ, നെല്ലായി വീട്, ചെന്നായ്പ്പാറ

7.രാജു .ഓ.ആർ, പഴവള്ളം എസ്.റ്റി. കോളനി, മരോട്ടിച്ചാൽ

8.കാർത്ത്യയനി, w/o കുട്ടി അയ്യപ്പൻ, ശാസ്താവ് വീട്, വടക്കുപാടം, പട്ടിക്കാട്

9.സുലോചന, അത്തിമണ്ണിൽ, മണിയൻകിണർ

കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

**2.പി.എം.എ.വൈ (ജി) ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്**

**പി.എം.എ.വൈ (ജി) പദ്ധതിയിൽ ഉൾപ്പെട്ട താഴെ പ്പറയുന്നവരുടെ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

1.തങ്ക കുട്ടപ്പൻ, പൊക്കത്ത്, കൈനൂർ

2.തങ്ക ചാത്തൻ, കൊളപ്പാടൻ, പൊന്നൂക്കര

3.സീമ, തത്തുണ്ണിപ്പറമ്പിൽ

4.അമ്മിണികുഞ്ഞുമോൻ, കാലായിൽ, ചെന്നായ്പ്പാറ

5.യാക്കോബ്, പുളിയാംപുള്ളി, കൈനൂർ

ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 3-17 ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി-നിലവിലെ സ്ഥിതി -അവലോകനം

ഐ.എ.വൈ /പി.എം.എ.വൈ ഭവനപദ്ധതി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ സ്ഥിതി താഴെ തന്നിരിക്കുന്ന പ്രൊഫോർമ പ്രകാരം ലഭ്യമാക്കേണ്ടതാണ്.

| 2017-18ൽ പണിയുവാൻ ലക്ഷ്യംവച്ച വീടുകളുടെ എണ്ണം | | | 2017-18 ൽ കരാറിൽ എർപ്പെട്ട വരുടെ എണ്ണം | | | 2017-18ൽ കരാറിൽ എർപ്പെട്ടതും 2017-18ൽ പൂർത്തിയാക്കി യതുമായ വീടുകളുടെ എണ്ണം | | | കരാറിൽ ഏർപ്പെട്ട വയിൽ പൂർത്തിയാ ക്കുവാൻ അവശേഷി ക്കുന്ന വീടുകളുടെ എണ്ണം | | | മുൻവർഷ ങ്ങളിൽ കരാറിൽ ഏർപ്പെട്ട വയിൽ 31.3.18ൽപൂർത്തീകരിക്കാൻ അവശേ ഷിക്കുന്ന വീടുകളുടെ എണ്ണം | | | മുൻവർഷ ങ്ങളിൽ കരാറിൽ ഏർപ്പെട്ട വയിൽ 2017-18ൽ പൂർത്തി യാക്കിയ വീടുകളുടെ എണ്ണം | | | 31.3.18ൽ പൂർത്തീക രിക്കാൻ അവശേ ഷിക്കുന്ന വീടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| general | SC | ST | general | SC | ST | general | SC | ST | general | SC | ST | general | SC | ST | general | SC | ST | general | SC | ST |
| 10 | 13 | 4 | 10 | 4 | - | 7 | 1 | - | 3 | 3 | - | 12 | 20 | 9 | 0 | 5 | 2 | 12 | 15 | 7 |

പൂർത്തിയാക്കാനുള്ളവയിൽ ജനറൽ 9ഉംഎസ്.സി 5ഉംഎസ്.റ്റി 5 ഉം വീടുകളുടെ നിർമ്മാണം 2018-19 സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ള ഭവനങ്ങളുടെ നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ്വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 1 | 2006-07 | 3.6 | അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |
| 2002-03 | 1 | 2006-07 | 3.6(a,b) | അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |
| 2005-06 | 1 | | 3.4 | സി.ഡി.പി.ഓ | നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81581993 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69348001 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4910370/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 371403 | രാജീവ് കെ.കെ – അസി.എക്സി.എഞ്ചിനീയർ (അധികച്ചുമതല) |
| 3-3 | 1000000 | ബീന.ഒ.ആർ – അസി.എക്സി.എഞ്ചിനീയർ |
| 3-9 | 2034000 | പി.ജെ.ജോയ്, സെക്രട്ടറി |
| 3-10 | 12250 | സൂസമ്മഐസക്ക്, സെക്രട്ടറി |
| 3-11 | 500000 | ഡോ.ജയന്തി.കെ.എസ്, മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) |
| 3-12 | 524014 | ഡോ.ജയന്തി.കെ.എസ്,മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) |
| 3-13 | 13200 | ഡോ.ആൻ തോമസ്,മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) |
| 3-14 | 300000 | ഡോ.ജയന്തി.കെ.എസ്, മെഡിക്കൽ ഓഫീസർ (സി.എച്ച് .സി) |
| ആകെ | 4910370/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000/4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001-02 | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07, 07-08, 08-09, 09-10, 10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |
| 2014-15, | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)-616/17 |

| | |
|---|---|
| 2015-16 | തി.26.5.2017/9.6.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)1739/17<br>തീയതി:5.12.17/12.01.18 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒല്ലുക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2 വരവ് ചെലവ് പത്രിക

| | |
|---|---|
| ഓഡിറ്റ് സംക്ഷിപ്തം (AuditedAbstract) | |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| | |

| | |
|---|---|
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്